## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ: 3270** **14.10.2011 ൽ മറുപടിയ്ക്ക്**

### സോളാർ എനർജി പാനൽ

| ചോദ്യം<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | മറുപടി<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സോളാർ എനർജി പാനൽ ഉപയോഗിച്ച് ഗാർഹിക വൈദ്യുതി ഉപയോഗം കുറയ്ക്കാനാകുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഉണ്ട്.സൗരോർജ്ജ പാനലുകൾ ഉപയോഗപ്പെടുത്തി പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ വഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് ഗാർഹിക ഉപഭോഗം കുറയ്ക്കാൻ സാധിക്കും. സൗരോർജ്ജ പാനൽ വഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററികളിൽ സംഭരിച്ചോ, അല്ലാതെയോ ഇൻവർട്ടർ സിസ്റ്റം വഴി ഉപയോഗപ്പെടുത്താവുന്നതാണ്. |
| (ബി) | ഇത്തരം ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിൽ റിബേറ്റ് നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി&സി) | കേന്ദ്ര സർക്കാർ ഇപ്പോൾ നടപ്പാക്കി വരുന്ന ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പദ്ധതി പ്രകാരം സോളാർ എനർജി പാനൽ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നവർക്ക് പ്രോത്സാഹനമെന്ന നിലയിൽ വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇപ്രകാരം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുവഴി വൈദ്യുതി ചാർജ്ജിനത്തിൽ സ്വാഭാവികമായും കുറവുണ്ടാകുന്നതാണ്. ഇത്തരം ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിൽ റിബേറ്റ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | റിബേറ്റ് നൽകാൻ കഴിഞ്ഞാൽ വൈദ്യുതി ഉൽപാദന മേഖലയിൽ നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നത് പരിശോധിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ